# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1588** **01.11.2019 ൽ മറുപടിയ്ക്ക്**

**കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

ഉത്തരം

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) പത്തനംതിട്ട ജില്ലയിൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമിയുടെയും തണ്ണീർത്തടങ്ങളുടെയും അളവ് നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

എ) പത്തനംതിട്ട ജില്ലയിൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമിയുടെ അളവ് ചുവടെ ചേർക്കുന്നു.

| നിയോജക മണ്ഡലം | തരിശ് വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| അടൂർ | 234 |
| തിരുവല്ല | 251 |
| ആറന്മുള | 347 |
| റാന്നി | 97 |
| കോന്നി | 56 |

കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന തണ്ണീർത്തടം- ഇല്ല

ബി) കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി ഏറ്റെടുക്കുന്നതിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിയമപ്രകാരം എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കൃഷി പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് നിയോജക മണ്ഡലം തിരിച്ച് വിശദമാക്കുമോ;

ബി) തരിശു നിലത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായം ഉറപ്പു വരുത്തുകയും ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന സഹായം കൂടി വിനിയോഗിച്ചുകൊണ്ട് പരമാവധി തരിശു നിലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തരിശ് നിലത്ത് കൃഷി ചെയ്യാൻ താല്പര്യമില്ലാത്ത ഭൂവുടമകളെ ഗ്രാമപഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടൽ മൂലം സ്ഥലം രേഖാമൂലം പാട്ടത്തിന് നൽകാൻ പ്രേരിപ്പിക്കുകയും അങ്ങനെ പരമാവധി സ്ഥലത്ത് കൃഷിയിറക്കാൻ

കഴിഞ്ഞിട്ടുമുണ്ട്. കൂടാതെ ആറന്മുള പഞ്ചായത്തിൽ നോട്ടീസ് നൽകി 141 ഹെക്ടർ തരിശുനിലം ഏറ്റെടുത്ത് കൃഷി ചെയ്തിട്ടുമുണ്ട്. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നിയോജക മണ്ഡല നെൽവയൽ | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കൃഷി ചെയ്ത നിലത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| അടൂർ | 254 |
| തിരുവല്ല | 40 |
| ആറന്മുള | 216 |
| റാന്നി | 15 |
| കോന്നി | 84 |

സി) ഇനിയും ഏറ്റെടുക്കാനുള്ള കൃഷിഭൂമികൾ ഏറ്റെടുക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സി) നീർവാർച്ചയ്ക്കുള്ള സൗകര്യക്കുറവ്, വെള്ളക്കെട്ട്, ഫാം റോഡുകളുടെ അഭാവം, ഭൂവുടമകളുടെ അസാന്നിദ്ധ്യം, താല്പര്യക്കുറവ് തുടങ്ങിയവയാണ് ഇപ്പോൾ നിലവിലുള്ള 985 ഹെക്ടർ തരിശുസ്ഥലത്ത് കൃഷിയിറക്കുവാൻ തടസ്സമായിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ, കൃഷി വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് തുടങ്ങിയവയുടെ സഹായത്തോടെ മുഴുവൻ സ്ഥലത്തും ഘട്ടം ഘട്ടമായി കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലയിലെ കൊടുമൺ, കുന്നന്താനം, ഇരവിപേരൂർ, നിരണം, വെച്ചൂച്ചിറ, പ്രമാടം, പുറമറ്റം, കോഴഞ്ചേരി എന്നീ പഞ്ചായത്തുകൾ ഈ വർഷം തന്നെ തരിശു രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ